കെ.എസ്.എ.പി.റ്റി.എ.പി3/1577/2018 തീയതി 5.1.2019

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 26.07.2017 മുതൽ 23.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.11.2018മുതൽ 07.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം | ശ്രീമതി സ്നിഗ്ദ്ധ എസ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ. |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ മോൻസി കിഴക്കേടത്ത് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ,<br>ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ശ്രീലേഖ വിജയകമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ ജോൺ ചാണ്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ,<br>ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ പി ജി അനിൽ കമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ,<br>ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ജോളി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി ഷീജ വി ജി | 01.04.2017 മുതൽ 07.08.2017 വരെ |
| | ശ്രീ സജീവ് കുമാർ കെ കെ | 07.08.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

സൂചിക


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം **1**<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3. |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | പദ്ധതി നിർവ്വഹണത്തിലെ നേട്ടങ്ങളും പോരായ്മകളും | 1-7 |

| | | |
|---|---|---|
| 8. | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം | 1-8 |
| 9. | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10. | തനത് വരുമാനം | 1-10 |
| 11. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-11. |
| 12. | തൊഴിലുറപ്പ് പദ്ധതി | 1-12. |
| 13. | ക്യാഷ് വേരിഫിക്കേഷൻ | 1-13. |
| 14. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14. |
| 15. | വാർഷിക കണക്കിലെ അപാകതകൾ | 1-15 |
| | **ഭാഗം 2**<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു | 2-1 |
| 17 | കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി | 2-2 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 2-3. |
| 19 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 2-4. |
| 20 | അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 2-5. |
| 21 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 2-6. |
| 22 | പഞ്ചായത്ത് പരിധിക്കുള്ളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ തൊഴിൽനികുതി ഒടുക്കിയിട്ടില്ല | 2-7. |
| 23 | കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-8. |
| 24 | കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി | 2-9. |
| 25 | ഡി&ഒ ലൈസൻസ്-ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല | 2-10. |
| 26 | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല. | 2-11. |
| 27 | ഓഡിറ്റ് ഇംപാക്ട്-സ്റ്റാൾ വാടക നിരക്കിൽ കുറവുവന്നത് അടവാക്കി | 2-12. |
| 28 | മാർക്കറ്റ് സ്റ്റാളുകൾ | 2-13. |

| | | |
|---|---|---|
| 29 | ടെണ്ടർ ഫീസ് ഇനത്തിൽ തിരികെ ലഭിക്കാനുള്ളത് 31682 രൂപ | 2-14. |
| 30 | ഇ- ടെണ്ടർ ആവശ്യത്തിനായി ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല | 2-15. |
| 31 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല; പഞ്ചായത്ത്ഫണ്ടിന് വരവ് നഷ്ടം | 2-16. |
| 32 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-17. |
| | ഭാഗം **3**<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | തെരുവ് വിളക്ക് പരിപാലനം -അപാകതകൾ | 3-1 |
| 34 | ബാലസഭ പ്രവർത്തനങ്ങൾ - പ്രോജക്ടിൽ ഉൾപ്പെടാത്ത ഇനത്തിനായി ചെലവ് ചെയ്തു | 3-2 |
| 35 | വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് സെന്റേജ് ചാർജ് ഈടാക്കുന്നു | 3-3 |
| 36 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-4 |
| 37 | പൊതു ടാപ്പുകളുടെ വെള്ളക്കരം പ്രതിവർഷം 2398500 രൂപ പഞ്ചായത്തിന് വൻ ബാധ്യത | 3-5 |
| 38 | കുടിവെള്ള പദ്ധതി - ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നില്ല | 3-6 |
| 39 | തെരുവുവിളക്കുകൾക്ക് മീറ്റർ -പ്രവൃത്തി പൂർത്തിയായില്ല | 3-7 |
| 40 | നിലവിലില്ലാത്ത ബൾബുകൾക്ക് താരിഫ് നൽകുന്നു | 3-8 |
| 41 | ശ്മശാനനിർമ്മാണം- ദീർഘവീക്ഷണമില്ലാതെ പദ്ധതി തയ്യാറാക്കി | 3-9 |
| 42 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | 3-10 |
| 43 | തുടർ സാക്ഷരത – തനത് ഫണ്ടിൽനിന്നുള്ള ചെലവ് ക്രമീകരിച്ചില്ല | 3-11 |
| 44 | ബ്ലോക്ക് വിഹിതം പൂർണ്ണമായി ചെലവഴിച്ചില്ല | 3-12 |
| 45 | ആസ്തികൾ സംരക്ഷിക്കുന്നതിനും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും നടപടിയില്ല | 3-13 |
| 46 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക പൂർണ്ണമായി ചെലവഴിക്കുന്നില്ല- ലാപ്സായത് 9541523 രൂപ | 3-14 |

| | | |
|---|---|---|
| 47 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ഫണ്ടിന്റെ അഭാവം മൂലം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-15 |
| 48 | അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു | 3-16 |
| 49 | പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല | 3-17 |
| 50 | പാലിയേറ്റീവ് കെയർ പദ്ധതി- ശരിയായി മോണിട്ടറിംഗ് നടത്തുന്നില്ല | 3-18 |
| 51 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല | 3-19 |
| 52 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-20 |
| 53 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-21 |
| 54 | ആശ്രയപദ്ധതി | 3-22 |
| | **ഭാഗം 4**<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 55 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 56 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 58 | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 59 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 60 | ഓഡിറ്റ് റിക്കവറി | 4-6 |
| 61 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 62 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ | 4-8 |
| 63 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 64 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം/തീയതി | 29.03.2017-ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 05.02.2018 ലെ 2-ാം നമ്പർ തീരുമാനം |

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ പറയും പ്രകാരമാണ്

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 8652884 | 21922209 | 13269329 |
| വരവ് | 97475000 | 62770147 | -34704853 |
| ആകെ | 106127884 | 84692356 | -21435528 |
| ചെലവ് | 103643500 | 64241401 | -39402099 |
| നീക്കിയിരിപ്പ് | 2484384 | 20450955 | 17966571 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ വ്യതിയാനമുണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. വസ്തുനികുതി ഒഴികെയുള്ള ഇനങ്ങളിൽ ഇതു പാലിച്ചിട്ടുണ്ട്. വസ്തുനികുതിയുടെ ഡിമാന്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം<br>(-/+) |
|---|---|---|---|
| വസ്തു നികുതി | 4200000 | 9123339 | 4923339 |

മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല. അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം (-/+) |
|---|---|---|---|
| വരവ് | | | |

| | | | |
|---|---|---|---|
| വസ്തു നികുതി | 4200000 | 9123339 | 4923339 |
| സേവന നികുതി | 850000 | 941370 | 91370 |
| തൊഴിൽ നികുതി | 2200000 | 1874214 | -325786 |
| വാടക | 556000 | 301475 | -254525 |
| ഡി.&ഒ. ലൈസൻസ് | 225000 | 124524 | -100476 |
| പെർമിറ്റ് ഫീ | 275000 | 322066 | 47066 |
| ചെലവ് | | | |
| ഭരണ ചെലവുകൾ | 1793000 | 1518914 | -274086 |
| ജീവനക്കാര്യത്തിനുള്ള ചെലവുകൾ | 13300000 | 8654847 | -4645153 |
| ഉത്പാദന മേഖല | 6050000 | 3562594 | -2487406 |
| സേവന മേഖല | 29560000 | 11122258 | -18437742 |
| പശ്ചാത്തല മേഖല | 7444000 | 3574334 | -3869666 |

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 16.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 14.6.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 13.07.18-ലെ കെ.എസ്.എ.പി.റ്റി.എ. പി.11/579/2018, നമ്പരായി വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 21922209 |
| വരവ് | 62770147 |
| ആകെ | 84692356 |
| ചെലവ് | 64241401 |
| നീക്കിബാക്കി | 20450955 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13705000 | 13705000 | 12316579 | 1388421 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8288935 | 8288935 | 3854314 | 4434621 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 263893 | 263893 | 261113 | 2780 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8253000 | 8253000 | 4747096 | 3505904 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3404000 | 3404000 | 3389853 | 14147 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 16771938 | 16771938 | 7424316 | 9347622 |
| ലോക ബാങ്ക് സഹായം | 0 | 0 | 0 | 0 | 0 |
| കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് | 10284727 | 15646418 | 25931145 | 12398391 | 13532754 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇ-പേയ്മെന്റ് അക്കൗണ്ട് | 0 | 274920 | 274920 | 0 | 274920 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് - | 638356 | 9913560 | 10551916 | 9272374 | 1279462 |
| എസ്.ബി.ഐ കമ്പനാട്- ദുരിതാശ്വാസ നിധി | 15636 | 2500 | 18136 | 7120 | 11016 |
| ലൈബ്രറി | 11691 | 0 | 11691 | 11691 | 0 |
| ട്രഷറി ടി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 4053490 | 2002000 | 6055490 | 5617441 | 438049 |
| (എം.ജി.എൻ.ആർ.ഇ.ജി. എസ്.) | 0 | 527757 | 527757 | 525945 | 1812 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| എസ്.ബി.റ്റി കുമ്പനാട്- (പൈക്ക) | 106013 | 4292 | 110305 | 0 | 110305 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 243 | 148 | 95 | 61% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 18 | 7749041 | 4803714 | 61.99 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 13 | 2046780 | 1534470 | 74.97 |
| കൃഷി ഓഫീസർ | 6 | 6 | 1956249 | 1906249 | 97.44 |
| വെറ്റിനറി സർജൻ | 9 | 9 | 4755800 | 1616300 | 34 |
| എൽ. വി.ഇ.ഒ. | 6 | 5 | 3648418 | 1706350 | 46.77 |
| വി.ഇ.ഒ. | 4 | 3 | 3968703 | 2047785 | 51.6 |
| അസിസ്റ്റന്റ് എൻജിനീയർ | 155 | 75 | 47478146 | 17591641 | 37.05 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3592600 | 3086204 | 85.9 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 1600000 | 1600000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 125000 | 125000 | 100 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 8 | 8 | 1482060 | 1410027 | 95.14 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്പക്ടർ | 2 | 2 | 450794 | 450794 | 100 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ 22 പദ്ധതികളിലായി 4542183 രൂപയുടെ ക്യൂ ബില്ലുകൾ 2018-19ലാണ് മാറിയിട്ടുള്ളത്.

# 1-7 പദ്ധതി നിർവ്വഹണത്തിലെ നേട്ടങ്ങളും പോരായ്മകളും പദ്ധതി രൂപീകരണം

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതി രൂപീകരണത്തിന്റെ തുടർഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29.3.2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസന സെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. 2017-18 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും ആസൂത്രണ സമിതി അംഗങ്ങളും സംയുക്തമായി 28-2-17-ൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി യോഗം ചേർന്നു. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 07-04-2017 മുതൽ 12-04-17വരെയുള്ള കാലയളവിൽ ചേരുകയുണ്ടായി. എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ വളരെ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നുവെന്നും വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട്പദ്ധതി നിർദ്ദേശങ്ങൾ ചർച്ചകൾക്ക് വിധേയമാക്കിയിട്ടുണ്ടെന്നും ലഭ്യമാക്കിയ ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ ബോധ്യമായിട്ടുണ്ട്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 07-04-17-ൽ ഊരുകൂട്ടയോഗവും 08.05.2017തീയതിയിൽ വികലാംഗ ഗ്രാമസഭയും നടക്കുകയുണ്ടായി. ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ 03.05.2017-ൽ കൂടിയ വികസന സെമിനാറിൽ വച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കുകയും തുടർന്ന് 20-05-17-ൽ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുന്ന വായ്പാ ബന്ധിത പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ബാങ്ക് പ്രതിനിധികളുടേയും യോഗം ചേർന്നു. മേൽപ്പറഞ്ഞ പ്രവർത്തനഘട്ടങ്ങളിലൂടെ 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 26.05.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി.(അജണ്ട-4തീരുമാനം നം-(1)).

പദ്ധതി അംഗീകാരം

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 22.3.2018ലെ 490/18/DPC/DPO/പത്തനംതിട്ട നമ്പർ തീരുമാനപ്രകാരം നിർവ്വഹണ അഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 6,05,83,260/-രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 243 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പോരായ്മകൾ

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ISO നേടാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ഇതിനായി 2016-17 വർഷം 235480 രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷം പ്രോജക്ട് വെച്ചെങ്കിലും ചെലവ് ഇല്ല. ഇ-ഗവേർണസ് - സൂചിക,സകർമ്മ, സഞ്ചയ സോഫ്റ്റ് വെയറുകൾ പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 36 ഓളം പൊതുകിണറുകൾ വറ്റാത്തവയായിട്ടുണ്ട് എന്നും ഇവയെല്ലാം അഞ്ച് വർഷം കൊണ്ട് പുനരുദ്ധാരണം നടത്തി കുടിവെള്ള സ്രോതസ്സുകൾ ആക്കി മാറ്റും എന്നുമുള്ള സ്റ്റാറ്റസ് റിപ്പോർട്ടിലെ ലക്ഷ്യം കൈവരിക്കാനായി പ്രൊജക്ടുകൾ ആവിഷ്ക്കരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. (ശംഖുവളയൻപാറ കുടിവെള്ള പദ്ധതി, മയിലാടുംപാറ കുടിവെള്ള പദ്ധതി തുടങ്ങിയവ.)

മാർക്കറ്റുകളുടെ നവീകരണത്തിനും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനും അതുവഴി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രോജക്ടുകൾ ആവിഷ്ക്കരിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയില്ല.

പൊതുമരാമത്ത് മേഖലയിൽ റോഡുകളുടെ സ്ഥിതിവിവരക്കണക്കിൽ റോഡുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. റോഡുകൾ ഇനം തിരിച്ച് ആകെ നീളമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടാർറോഡ് 52 km നീളത്തിൽ പുനരുദ്ധാരണവും 13.26 km നീളത്തിൽ നടപ്പാതകളുടെ നിർമ്മാണവുമാണ് സ്റ്റാറ്റസ് റിപ്പോർട്ടിലെ അവസ്ഥാവിശകലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർ വർഷങ്ങളിലെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ള തുകകൾ പരിശോധിച്ചതിൽ അവസ്ഥാ വിശകലനത്തിൽ തെറ്റ് സംഭവിച്ചിട്ടുള്ളതായി പ്രഥമദൃഷ്ട്യാ ബോധ്യമാകുന്നു.

ആധുനിക അറവുശാലയും ആധുനിക വാതക ശ്മശാനവും നിർമ്മിച്ചിട്ടില്ല. കൃഷിഭൂമിയുമായി ബന്ധപ്പെട്ട കണക്കിൽ 2222 ഹെക്ടർ ഭൂവിസ്തൃതിയിൽ 2036 ഹെക്ടർ സ്ഥലം കൃഷിക്ക് അനുയോജ്യമാണെന്നും 1636 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നുണ്ട് എന്നും, 200ഹെക്ടർ തരിശു ഭൂമിയാണെന്നും 100 ഹെക്ടറിലെ നെൽവയലുകളിൽ 20 ഹെക്ടറിൽ മാത്രമാണ് കൃഷിചെയ്യുന്നത് എന്ന അവസ്ഥാവിശകലന റിപ്പോർട്ടിലും പിശക് സംഭവിച്ചിട്ടുള്ളതായി കാണുന്നു.

ഓഡിറ്റ് വർഷം സമഗ്രപുരയിടകൃഷി, സമഗ്ര പച്ചക്കറികൃഷി, സമഗ്ര നെൽ കൃഷി, സമഗ്ര ഔഷധകൃഷി, ഗ്രോബാഗ് പച്ചക്കറികൃഷി, കുരുമുളക് കൃഷി വികസനം എന്നീപ്രോജക്ടുകളാണ് നടപ്പാക്കിയത്. എല്ലാ പ്രോജക്ടുകളിലും വളം വിതരണം ഉൾപ്പെടുത്തിയിട്ടുണ്ട്. തൈകൾ, വിത്ത് വിതരണം എന്നിവയ്ക്ക് 100% സബ്സിഡിയും ജൈവവളത്തിന് 75% സബ്സിഡിയും നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ വളത്തിന്റെ സബ്സിഡിയുടെ പരിധി തദ്ദേശ സ്വയം ഭരണ സ്ഥാപനം നിശ്ചയിക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പരിധി നിശ്ചയിക്കാതെ 75% സബ്സിഡിയും നൽകിയിട്ടുള്ളതിനാൽ ആനുകൂല്യം പല രീതിയിലാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. പൊതുടാപ്പുകളുടെ എണ്ണം സംയുക്തപരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. ഇതുമൂലം വൻതുക കറന്റ്ചാർജ് ഇനത്തിലും വെള്ളക്കരം ഇനത്തിലും അടവാക്കേണ്ടി വരുന്നു. ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ മരുന്ന് വിതരണത്തിൽ മാത്രമായി ഒതുങ്ങുന്നു. ഈ വിഷയങ്ങളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-8 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

13-ാം പദ്ധതികളുടെ മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ടവർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. 2017-18വർഷം മേൽപ്പറഞ്ഞപ്രകാരം വിവിധ ഉപമേഖലകൾക്കായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമായിരുന്നു. എന്നാൽ പദ്ധതിനിർവ്വഹണ ഘട്ടങ്ങൾ മേൽനിരീക്ഷണം നടത്തി പുരോഗതി അവലോകനം ചെയ്യുന്നതിലും പദ്ധതികളുടെ ഫലപ്രദമായ പൂർത്തീകരണം വിലയിരുത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഭേദപ്പെട്ട ഒരു ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനില്ക്കുന്നതായി കാണുന്നു. ഭരണസമിതി കൃത്യമായ ഇടവേളകളിൽ ഓഫീസ് ജീവനക്കാരുടെ യോഗം വിളിച്ച് നിർദേശങ്ങൾ നല്കുകയും അതിൻ പ്രകാരമുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ജനറൽ കമ്മിറ്റി, വിവിധസ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുന്നുണ്ട്.

ക്യാഷ് ബുക്ക്, ഡേ ബുക്ക്, ബാങ്ക് ബുക്ക്, എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യസ്റ്റേഷനറി, രസീതുബുക്കുകൾ എന്നിവയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട്.

എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കളക്ഷൻ തുകകൾ, പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി.കൾ എന്നിവ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പണമിടപാടുകൾക്ക് മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ നിന്നും ലഭിക്കുന്ന എല്ലാ സേവനങ്ങൾക്കും ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽനികുതി, ഡി&ഒ ലൈസൻസ് എന്നിവയുടെ പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. റോഡ് രജിസ്റ്റർ, റോഡ് കണക്റ്റിവിറ്റി മാപ്പ് എന്നിവ സൂക്ഷിക്കുന്നില്ല.

## 1-10 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനത്തിൽ |
|---|---|---|---|---|
| നികുതി വരവുകൾ | 7181504 | 11946543 | 4765039 | 66% |
| നികുതിയേതര വരവുകൾ | 921407 | 1041619 | 120212 | 13% |
| മറ്റ് വരവുകൾ | 59426595 | 49606725 | -9819870 | -16% |

## 1-11 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | 2017-18-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 8 | 8 | 0 |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| 3 | വിധവാ പെൻഷൻ | 48 | 36 | 12 |
| 4 | വികലാംഗ പെൻഷൻ | 26 | 24 | 2 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 296 | 240 | 56 |

## 1-12 തൊഴിലുറപ്പ് പദ്ധതി

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 408605 | 408605 | 406793 | 1812 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5336684 | 5336684 | 5336684 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 16000 | 16000 | 16000 | 0 |
| ആകെ | 0 | 5761289 | 5761289 | 5759477 | 1812 |

## 1-13 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2018 ന് 11AM മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4772രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.10.2018 | 06/2018 മുതൽ 08/2018 വരെ | 27.10.2018 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 23.02.2008 | 1997-98 മുതൽ 2001-02 വരെ | 28.10.2009 |

## 1-15 വാർഷിക കണക്കിലെ അപാകതകൾ

വസ്തുനികുതിയുമായി ബന്ധപ്പെട്ടതൊഴികെയുള്ള അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ്വെയറും പരിശോധിച്ചതിൽ 100 ചതുരശ്രമീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട 50 രൂപ നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 7/837<br>വാണിജ്യം | സദാശിവൻ നായർ &<br>ലളിതാ നായർ<br>സുരഭി, പുല്ലാട് | 36 | 35 | 50 |
| 2 | 7/838<br>വാണിജ്യം | „ | 48 | 35 | 50 |
| 3 | 7/838A<br>വാണിജ്യം | „ | 38 | 35 | 50 |
| ആകെ | | | 122 | | |

| ക്രമ നമ്പർ | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 8/83A4<br>വാണിജ്യം | സുമേഷ് മാത്യു<br>മട്ടക്കവേലിൽ വീട്<br>പുല്ലാട്.പി.ഒ | 89 | 35 | 50 |

| | | | | | |
|---|---|---|---|---|---|
| 2 | 8/83A5<br>വാണിജ്യം | സുമേഷ് മാത്യു<br>മട്ടക്കവേലിൽ വീട്<br>പുല്ലാട്.പി.ഒ | 99 | 35 | 50 |
| 3 | 8/83A6<br>വാണിജ്യം | സുമേഷ് മാത്യു<br>മട്ടക്കവേലിൽ വീട്<br>പുല്ലാട്.പി.ഒ | 99 | 35 | 50 |
| ആകെ | | | 287 | | |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 2-2 കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്ന് നികുതി ഈടാക്കേണ്ട പല കെട്ടിടങ്ങളെയും നികുതിയിൽ നിന്ന് ഒഴിവാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ.) |
|---|---|---|---|
| 1 | 4/219 | വൈ.എം.സി.എ ബിൽഡിംഗ്,കുറവൻകുഴി | 21 |
| 2 | 4/220 | വൈ.എം.സി.എ ബിൽഡിംഗ്,കുറവൻകുഴി | 21 |
| 3 | 4/77 | അയ്യങ്കാളി ഹരിജൻ മഹിളാസമാജം ,കുറവൻകുഴി | 50 |
| 4 | 5/140 | സൺഡേസ്കൂൾ ഹാൾ, കുറിയന്നൂർ സെന്റ് തോമസ് പള്ളി, കുറവൻകുഴി | 103 |
| 5 | 15/54/b | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ക്വാർട്ടേഴ്സ് | 90 |
| 6 | 15/54/c | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ക്വാർട്ടേഴ്സ് | 90 |

| | | | |
|---|---|---|---|
| 7 | 15/54/d | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ക്വാർട്ടേഴ്സ് | 90 |
| 8 | 15/54/e | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ക്വാർട്ടേഴ്സ് | 90 |
| 9 | 15/54/f | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ക്വാർട്ടേഴ്സ് | 90 |
| 10 | 15/54/g | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ക്വാർട്ടേഴ്സ് | 90 |
| 11 | 15/54/i | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ക്വാർട്ടേഴ്സ് | 90 |
| 12 | 15/54/j | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, ക്വാർട്ടേഴ്സ് | 90 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17) ക്രമനമ്പർ 4 സ്കൂൾ കെട്ടിടമായി പരിഗണിച്ചാണ് നികുതിയിൽ നിന്ന് ഒഴിവാക്കിയതെന്നാണ് സെക്രട്ടറി മറുപടി നൽകിയത് . എന്നാൽ ആരാധനാലയങ്ങളോടൊപ്പമുള്ള അനുബന്ധകെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ടി കെട്ടിടത്തിന് ബാധകമായ നികുതി ഈടാക്കേണ്ടതാണ്. ക്രമനമ്പർ 1,2,3 എന്നിവയുടെ ബേസ് ഡേറ്റയിൽ നികുതിയില്ലാത്ത കെട്ടിടമായി രേഖപ്പെടുത്തിയിരിക്കുന്നതിനാലും ക്രമ നം.5 മുതൽ 12 വരെയുള്ള കെട്ടിടങ്ങൾ ഫോം 6 ഡേറ്റാ എൻട്രി ചെയ്യപ്പോൾ വന്ന അപാകതമൂലവുമാണ് നികുതി ഒഴിവായതെന്നും അപാകതകൾ പരിഹരിച്ച് ടി കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇവയുടെ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല.വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | നികുതി തുക (രൂ) |
|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് | 8/751 | 22 | 13200 |
| 2 | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 12/522 | 8 | 4000 |
| 3 | ബി.എസ്.എൻ.എൽ | 12/715 | 28.5 | 17100 |
| 4 | ബി.എസ്.എൻ.എൽ | 16/543 | 18 | 8100 |
| 5 | ബി.എസ്.എൻ.എൽ | 17/208 | 50 | 7500 |
| 6 | ബി.എസ്.എൻ.എൽ | 17/210 | 92 | 46000 |
| 7 | ഇൻഡസ് ടവേഴ്സ് | 17/532 | 19.65 | 11790 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പണി പൂർത്തീകരിച്ച തീയതി, സമർപ്പിച്ച പ്ലാനിൽ നിന്നുള്ള വ്യത്യാസങ്ങൾ, അസസ്സ്മെന്റ് നമ്പർ, പെർമിറ്റ് നിരസിച്ചത്/അംഗീകരിച്ചത് മുതലായ വിവരങ്ങൾ ഒന്നും തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തൻമൂലം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനും കെട്ടിടനിർമാണം അനുവദനീയമായ കാലയളവിൽ പൂർത്തീകരിച്ച്, നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നും ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 2-5 അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്നതിനും, കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കാതിരിക്കുന്നതിനും ഇത് കാരണമാകുന്നു.ഈ സാഹചര്യം ഒഴിവാക്കുന്നതിന് 19.05.2014-ലെ 29342/ആർ.എ.1/2014/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ ഗ്രാമപ്പഞ്ചായത്ത് പാലിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടലംഘനം പരിഹരിച്ച ശേഷം നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-6 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിലെ തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സപ്ലൈകോ സൂപ്പർമാർക്കറ്റ്, ആറാട്ടുപുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | പോസ്റ്റോഫീസ്, കടപ്ര | രണ്ടാം അർദ്ധവർഷം |
| 3 | പോസ്റ്റോഫീസ്, കുന്നത്തുകര | രണ്ടാം അർദ്ധവർഷം |
| 4 | പോസ്റ്റോഫീസ്, പുല്ലാട് | രണ്ടാം അർദ്ധവർഷം |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കുമ്പനാട് | രണ്ടാം അർദ്ധവർഷം |
| 6 | പൊടിപ്പാറ ഫ്യൂവൽസ്, കുമ്പനാട് | ഒന്നാം അർദ്ധവർഷം |
| 7 | മേമന ബിൽഡേഴ്സ്, പുല്ലാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | മേമന ഫിനാൻസിയേഴ്സ്, പുല്ലാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | മേമന ബ്രിക്സ്, പുല്ലാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 10 | വടക്കേമുറിയിൽ ഫിനാൻസിയേഴ്സ്, കുമ്പനാട് | ഒന്നാം അർദ്ധവർഷം |
| 11 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | രണ്ടാം അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.15/04.12.2018) ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 പഞ്ചായത്ത് പരിധിക്കുള്ളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

പഞ്ചായത്ത് പരിധിക്കുള്ളിൽ സേവനമനുഷ്ഠിക്കുന്ന താഴെപ്പറയുന്ന ഡോക്ടർമാർ 2017-18 വർഷം തൊഴിൽനികുതി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പേര്/വിലാസം | വാർഡ് നം./വീട്ടു നമ്പർ | സ്ഥാപനം |
|---|---|---|---|
| 4 | ഡോ.റജി തോമസ്, കക്കാടിയിൽ വീട്, കുറിയന്നൂർ | VI/286A | ദന്താശുപത്രി |
| 8 | ഡോ സുമാ തോമസ്, എം എം സ്പെഷ്യാലിറ്റി ഡെന്റൽ ക്ളിനിക്ക്, കുമ്പനാട് | 1/231 | ദന്താശുപത്രി |
| 9 | ഡോ സി കെ കോശി, ചക്കുത്തറ, പുല്ലാട് | VII/212 | ക്ളിനിക്ക് & ഡയഗ്നോസ്റ്റിക് സെന്റർ |

മേൽ ഡോക്ടർമാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലേയുമായി 2500 രൂപ തൊഴിൽനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1.സുധീർ കെ

2. മാത്യു കെ ചാക്കോ 3. ബിജോയ് കുര്യൻ അലക്സാണ്ടർ 4. റ്റിജു ജോസ് 5. ജെ ചാണ്ടി 6. എം ഹരിഹരൻ 7. സി ആർ വിജയൻ 8. കെ എം മാത്യു 9. ജോസഫ് തോമസ് 10. മോഹൻ കുമാർ ബി 11. ബാലചന്ദ്രൻ നായർ എം വി 12. സദാനന്ദൻ പി കെ 13. കെ പി ജോൺ 14. ജേക്കബ് കുര്യൻ 15. മാത്യു പി ജേക്കബ്

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ വ്യക്തികളിൽനിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടി വ്യക്തികൾ സമീപ പഞ്ചായത്തുകളിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് പരിശോധനയ്ക്ക് ഹാജരാക്കുകയോ അല്ലാത്തപക്ഷം തൊഴിൽനികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 2-9 കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് വ്യാപാരസ്ഥാപനം നടത്തുന്ന വ്യാപാരികളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പേര്/അഡ്രസ് | വാർഡ് നം./വീട്ടു | സ്ഥാപനം | ഈടാക്കിയ |
|---|---|---|---|---|

| | | നമ്പർ | | ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | ശ്രീമതി ഷീലാ ജോർജ്ജ്. ചെറിയമഠത്തിൽ,കുമ്പനാട് | XVII/106 | ടൈൽസ് & മാർബിൾസ് | 500 |
| 2 | ശ്രീ സി ഡി ശിവപ്രസാദ്,ശിവസദനം, പുല്ലാട് | II/12E | ഹോളോബ്രിക്സ് & പാവിംഗ് ടൈൽസ് | 300 |
| 3 | മോളി വിജയൻ, ചീങ്കപ്പുരയിടത്തിൽ, പുല്ലാട് | VIII/176C | ഹോളോബ്രിക്സ് | 200 |
| 4 | ഡോ റജി തോമസ്, കക്കാടിയിൽ വീട്, കുറിയന്നൂർ | VI/286A | ദന്താശുപത്രി | 200 |
| 5 | കെ ആർ തുളസീമണി, പുത്തൻ പറമ്പിൽ, കങ്ങഴ പി ഒ | III/817 | ഹോളോബ്രിക്സ് | 200 |
| 6 | ഷാജി പി വി. മേമന വീട്, പുല്ലാട് | III/902 | ഹോളോബ്രിക്സ് | 200 |
| 7 | വി എസ് അശോകൻ, വലിയപറമ്പിൽ, കുറവൻ കുഴി | II/526 | ടയർ വ്യാപാരം | 100 |
| 8 | ഡോ സുമാ തോമസ്, എം എം സ്പെഷ്യാലിറ്റി ഡെന്റൽ ക്ളിനിക്ക്, കുമ്പനാട് | 1/231 | ദന്താശുപത്രി | 100 |
| 9 | ഡോ സി കെ കോശി, ചക്കുത്തറ, പുല്ലാട് | VII/212 | ക്ളിനിക്ക് & ഡയഗ്നോസ്റ്റിക് സെന്റർ | 200 |
| 10 | ഷൈജു പി സി, പ്ളാന്തോട്ടത്തിൽ വീട്, നെല്ലിമല | VI/420A | ഹോളോബ്രിക്സ് | 100 |

ലൈസൻസിനുള്ള അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ജോലിക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടില്ല. സെക്ഷൻ ക്ലർക്ക് സമർപ്പിക്കേണ്ട അന്വേഷണ റിപ്പോർട്ട് ചേർത്തിട്ടില്ല. ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ഹോളോബ്രിക്സ് നിർമ്മാണ സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ ഒന്നും തന്നെ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ജോലിക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടില്ല. വിറ്റുവരവിന്റെ അടിസ്ഥാനത്തിലല്ലാതെ ഫീസ് ഈടാക്കുന്നതിലൂടെ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടമുണ്ടാകുന്നത് തുടർനടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 ഡി&ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2017-18 വർഷം ലൈസൻസ് എടുത്തിട്ടുള്ള 416 സ്ഥാപനങ്ങളിൽ 50 എണ്ണം മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. യഥാസമയം ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് ഈ വിഷയത്തിൽ അധികൃതർ പുലർത്തുന്ന അനാസ്ഥയാണ് വെളിവാക്കുന്നത്. വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-11 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 14 മൊബൈൽടവറുകളോട് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ് കണക്കാക്കി ടവർ ഉടമകളിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ താമസംവിനാ ബോധ്യപ്പെടുത്തേണ്ടതാണ്.

## 2-12 ഓഡിറ്റ് ഇംപാക്ട് - സ്റ്റാൾ വാടക-നിരക്കിൽ കുറവ് വന്നത് അടവാക്കി

2016-17 ൽ മാർക്കറ്റിലെ സ്റ്റാൾ നം. 25 സോമവല്ലി,കേശവാലയം എന്ന വ്യക്തിയ്ക്ക് 3544/- രൂപ വാർഷികവാടകയ്ക്ക് നൽകിയിരുന്നതാണ്. ഈ സ്റ്റാൾ ഇതേ വ്യക്തിയ്ക്ക് 2017-18 ൽ 3522/- രൂപ വാർഷികവാടകയ്ക്കാണ് നൽകിയിരിക്കുന്നത്. മറ്റുള്ള സ്റ്റാളുകളൊക്കെ മുൻവർഷത്തേക്കാൾ 5% കൂടിയ തുകയ്ക്കാണ് വാടകയ്ക്ക് നൽകിയിരിക്കുന്നതെന്നിരിക്കെ ഈ സ്റ്റാൾ മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയ്ക്ക് വാടകയ്ക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/29.11.2018) നൽകിയിരുന്നു. തുടർന്ന് ടി മുറിയുടെ മുൻവർഷവാടകയേക്കാൾ 5% കൂടിയ തുകയായ 3722രൂപയിൽ ഈടാക്കാനവശേഷിച്ചിരുന്ന 200/-രൂപ 30.11.2018ലെ രസീത് നം.118040104227 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

## 2-13 മാർക്കറ്റ് സ്റ്റാളുകൾ

(1) സ്റ്റാളുകൾ ഒഴിഞ്ഞുകിടക്കുന്നു.

പുല്ലാട് മാർക്കറ്റിലെ 4,10,12,13.14,15,35 എന്നീ സ്റ്റാളുകൾ ഓഡിറ്റ് തീയതിയിലും ഒഴിഞ്ഞുകിടക്കുകയാണ്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.12/29.11.2018) പുനർലേലത്തിൽ ആരും പങ്കെടുക്കാത്തതിനാലാണ് സ്റ്റാളുകൾ ഒഴിഞ്ഞുകിടക്കുന്നതെന്നും അടുത്ത കമ്മറ്റിയിൽ ടി വിഷയം അവതരിപ്പിച്ച് പുന:തീരുമാനം കൈക്കൊള്ളുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(2) വാടക ഈടാക്കിയിട്ടില്ല

പുല്ലാട് മാർക്കറ്റിലെ താഴെപ്പറയുന്ന സ്റ്റാളുകളിൽ നിന്ന് 2017-18 സാമ്പത്തികവർഷം വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| വ്യാപാരിയുടെ പേര് | റൂം നമ്പർ | വാടക തുക(രൂ.) |
|---|---|---|
| ജിബു ജോൺ,കരാലിൽ,പുല്ലാട് | 26 | 9828 |
| കെ.എസ്.ഗോപി,കണിയമറ്റത്ത്,കമ്പനാട് | 27 | 6701 |
| സതീഷ് ബാബു,പൊര്യക്കൽ ,പുല്ലാട് | 31 | 2008 |
| സതീഷ് ബാബു,പൊര്യക്കൽ ,പുല്ലാട് | 32 | 2008 |
| ജിബു ജോൺ,കരാലിൽ,പുല്ലാട് | 33 | 10499 |

ടി വ്യക്തികളിൽ നിന്ന് 12% പലിശ ഉൾപ്പെടെ വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-14 ടെണ്ടർ ഫീസ് ഇനത്തിൽ തിരികെ ലഭിക്കാനുള്ളത് 31682രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16, 2016-17, 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന്

എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപ്പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി.)429/2015/ഫിൻ., തീ.28-09-2015നമ്പർ ഉത്തരവ് അനുസരിച്ച് 500000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ). പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് 2015-16 മുതൽ 2017-18 വർഷം വരെ 9 മരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാർ താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസ് പത്തനംതിട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള (ടെണ്ടർ ഫീസ്+12% ജി.എസ്.ടി)തുക |
|---|---|---|---|---|---|
| 1 | 149/ 15-16 | പൂവത്തൂർ ഗവ.എൽ.പി.സ്കൂൾ പുനരുദ്ധാരണം | 500000 | 2 | (1000+120)*2 =2240 |
| 2 | 151/ 15-16 | പി.എച്ച്.സി.ബാലൻസ് വർക്ക് | 721587 | 2 | (1444+173)*2 =3234 |
| 3 | 140/ 16-17 | വിവിധ സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ | 500000 | 2 | (1000+120)*2 =2240 |
| 4 | 175/ 16-17 | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ എ.സി.പി വർക്ക് | 800000 | 2 | (1600+192)*2 =3584 |
| 5 | 58/ 17-18 | ഫെലോഷിപ്പ്- വറത്തറപ്പള്ളത്ത് പടി റോഡ് റീ ടാറിംഗ് (വാർഡ്-1) | 500000 | 3 | (1000+120)*3 =3360 |
| 6 | 64/ 17-18 | ആനക്കുഴിയ്ക്കൽഗവ.ന്യൂ.എൽ.പി. എസ്.-പേക്കാവുങ്കൽ റോഡ് റീ ടാറിംഗ് (വാർഡ്-4) | 500000 | 3 | (1000+120)*3 =3360 |
| 7 | 217/ 17-18 | ബസ് കാത്തിരിപ്പുകേന്ദ്രം (പുല്ലാട് ജംഗ്ഷൻ, പഞ്ചായത്ത് ഓഫീസിനു സമീപം) | 800000 | 2 | (1600+192)*2 =3584 |
| 8 | 222/ 17-18 | മത്സ്യമാർക്കറ്റിലെ കെട്ടിടം നവീകരണം | 1000000 | 2 | (2000+240)*2 =4480 |
| 9 | 262/ 17-18 | പഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം | 1500000 | 2 | (2500+300)*2 =5600 |

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-15 ഇ-ടെണ്ടർ ആവശ്യത്തിനായി ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02/10/17-ലെ സ.ഉ(സാധാ.) നം.3186/2017/ത.സ്വ.ഭ.വ ഉത്തരവ് അനുസരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ട് തുടങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, നിരതദ്രവ്യം മുതലായവ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. എക്സിക്യൂട്ടീവ് എൻജിനീയർക്ക് മാത്രമേ ഈ ആവശ്യത്തിന് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതിയുണ്ടായിരുന്നുള്ളു എന്നതിനാലാണ് ഇപ്രകാരം ചെയ്തത്. 2015-2016 മുതൽ 2017-18 വരെയുള്ള കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച 2.04 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുമില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം തുടർനടപടികൾക്കായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-16 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് വരവ് നഷ്ടം

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ ആവശ്യത്തിനായി ഒരു ബൈലോ തയ്യാറാക്കി ഫീസ് നിശ്ചയിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-17 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 17റേഷൻകടകളും ലൈസൻസ് എടുത്തിട്ടില്ല. ടി റേഷൻകടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് പരിപാലനം -അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ, സാധനസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കായി നാല് പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ മൂന്ന് എണ്ണം നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|
| S17/18, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളും കരാർ ജീവനക്കാരന് വേതനം നല്കലും | തനതുഫണ്ട്- 300000 | 195249<br>(ചെക്ക് നം. 10578/09.01.2018 തുക.95250<br>ചെക്ക് നം. 6178938/14.12.2017 തുക99999) |
| S69/18, തെരുവ് വിളക്ക് സ്ഥാപിയ്ക്കൽ | 750000<br>(വികസന ഫണ്ട്-44202<br>ധനകാര്യകമ്മിഷൻ ഗ്രാന്റ്- | 44202<br>(ബിൽ നം. 33/പ്രോജക്ട് നം.69/27.03.2018) |

| | | |
|---|---|---|
| | 705798) | 705798<br>(ബിൽ നം. 35/പ്രോജക്ട് നം.69/27.03.2018) |
| S257/18,തെരുവ് വിളക്കുകൾക്ക് സാധനസാമഗ്രികൾവാങ്ങൽ | തനതുഫണ്ട്- 200000 | 199914<br>(ചെക്ക് നം.2286329/24.03.2018) |

കൂടാതെ ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി 79400രൂപയും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലിനായി 202821രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 17-8-15-ലെ 44274/15-നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ ഒരു ഇലക്ട്രീഷ്യനെ നിയമിച്ച് പ്രതിദിനം 750/- രൂപ നിരക്കിൽ 127 ദിവസത്തേക്ക് 95250 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 1049913രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെയാണ് പദ്ധതി നടപ്പാക്കുന്നത്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ തെരുവു വിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ് നമ്പർ സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. പരാതികൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറെ നിയമിച്ച്, ലഭിച്ച പരാതികൾ രജിസ്റ്ററിൽ ചേർത്ത് നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറണം. പരിഹരിച്ച പരാതികളുടെ വിവരവും രജിസ്റ്ററിൽ ചേർക്കണം. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുകയോ നോഡൽ ഓഫീസറെ നിയമിക്കുകയോ ചെയ്തിട്ടില്ല.

3. വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ ഇവ ആർക്ക് വിതരണം ചെയ്തു, ആര് കൈപ്പറ്റി, ആയവ സ്ഥാപിച്ചിട്ടുണ്ടോ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മേൽ വിവരങ്ങൾ അതാത് വാർഡ് മെമ്പർമാരിൽ നിന്നും കൈപ്പറ്റുരേഖകൾ വാങ്ങി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

4. അറ്റകുറ്റപ്പണി കഴിഞ്ഞ് തിരികെ വരുന്ന പഴയ സാധനങ്ങളുടെ വിവരം രജിസ്റ്റർ ഓഫ് അൺ-സർവീസബിൾ ഐറ്റം എന്ന രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5. അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിക്കേണ്ടതും, ടി ദിവസങ്ങളിൽ മാത്രമായി അറ്റകുറ്റപ്പണി പരിമിതപ്പെടുത്തേണ്ടതുമാണ്. ഒരു ദിവസം 15-നം 25-നം ഇടയ്ക്ക് എണ്ണം തെരുവുവിളക്കുകൾ റിപ്പയർ ചെയ്യാൻ ഇലക്ട്രീഷ്യൻ ബാധ്യസ്ഥനാണ്. എന്നാൽ അപ്രകാരം ദിവസങ്ങൾ നിശ്ചയിച്ചല്ല റിപ്പയറിംഗ് നടത്തിയിട്ടുള്ളത്.

6. വിതരണം ചെയ്ത സാധനങ്ങൾ സംബന്ധിച്ച് വാർഡുമെമ്പർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 146 പി.സി.ബിയും 186 സി.എഫ്.എൽ കളും 55 ഫ്യൂസും ബാക്കിയായി കാണേണ്ടതാണ്. പഞ്ചായത്തിൽ നിലവിൽ നീക്കിയിരിപ്പായിട്ടുള്ള സാധനങ്ങളുടെ സ്റ്റോക്ക് വിവരം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7. വിവിധ പ്രോജക്ടുകളിലായി 1049913 രൂപയുടെ സാധനസാമഗ്രികൾ ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ് പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ/ഇൻവോയ്സ് നം. | വാങ്ങിയ സാധനങ്ങളുടെ ഇനം | എണ്ണം | തുക | ആകെ ചെലവ് |
|---|---|---|---|---|
| UES/2017-18/1022/dated<br>23-09-2017 | PCB FOR 22W CFL<br>11W 4 PIN CFL<br>1 Amp Fuse | 163<br>201<br>105 | 81174<br>18090<br>735 | 99999 |
| UES/17-18/1167/<br>25-03-2018 | 22WCFL automatic with all accessories | 556 | 750600 | 750000 |
| UES/17-18/1155/<br>16-03-2018 | PCB for 22WCFL<br>11W 4 Pin CFL | 61<br>217 | 30378<br>19530 | 49908 |
| UES-17-18/1027/<br>7-03-2018 | PCB FOR 22W CFL<br>11W 4 PIN CFL | 272<br>150 | 135456<br>13500 | 150006 |

| | | | | |
|---|---|---|---|---|
| | 1 Amp Fuse- | 150 | 1050 | |
| ആകെ | | | | 1049913 |

(UES/17-18/1167/25-03-2018 പ്രകാരം വാങ്ങിയ സാധനസാമഗ്രികൾ മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയിട്ടുള്ളത്.) വിവിധവാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ 350 PCB, 382 CFL, 200 fuse എന്നിവയാണ് വിതരണം ചെയ്തിട്ടുള്ളത്.

മേൽഅപാകതകൾ പരിഹരിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് വിതരണവിവരം കൃത്യമാക്കേണ്ടതുമാണ്.

## 3-2 ബാലസഭ പ്രവർത്തനങ്ങൾ-പ്രോജക്ടിൽ ഉൾപ്പെടാത്ത ഇനത്തിനായി ചെലവ് ചെയ്തു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. | 96/17-18 |
| ചെലവ് | 30,000/- |
| ബിൽ നം | 14/17-18 തീയതി.23.11.2017 |

ബാലസഭയിൽ ഉൾപ്പെട്ട കുട്ടികളുടെ കലാ കായിക മാനസിക സാംസ്കാരിക പങ്കാളിത്തവികസനം ലക്ഷ്യമിട്ട് 160 കുട്ടികൾക്കായി ആവിഷ്കരിച്ച പ്രോജക്ടിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ ഏകദിന പഠനവിനോദയാത്രയാണ് സംഘടിപ്പിച്ചത് എന്ന് കണ്ടു. പ്രോജക്ട് നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ബാലസഭയിൽ ഉൾപ്പെട്ട 510 കുട്ടികളുടെ കലാ കായിക മാനസിക സാംസ്കാരിക പങ്കാളിത്തവികസനത്തിനായി ശില്പശാലകളും സെമിനാറുകളും നടത്തുന്നതിന് 15000 രൂപയും സാംസ്കാരികപരിപാടികൾ സംഘടിപ്പിക്കുന്നതിന് 15000 രൂപയും ഉൾപ്പടെ 30000/- രൂപയായിരുന്നു പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. ഒരേ ദിവസം തന്നെ പരിപാടികൾ സംഘടിപ്പിച്ച് നടത്തുന്നതിനായിരുന്നു പ്രോജക്ട് അംഗീകാരം നൽകിയത്. ഇതിനു വിരുദ്ധമായി മുഴുവൻ തുകയും പഠന/വിനോദയാത്രയ്ക്കുവേണ്ടി ചെലവഴിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.9)സി.ഡി.എസ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് പഠനയാത്ര നടത്തിയത് എന്നും, ബാലസഭാ കുട്ടികൾക്കായി വിവിധ ക്ലാസുകളും സാംസ്കാരിക പരിപാടികളും കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുള്ളതിനാൽ വീണ്ടും ഈ പരിപാടികൾ നടത്തേണ്ടതില്ല എന്ന് സി.ഡി.എസ് കമ്മിറ്റി തീരുമാനിച്ചിരുന്നു എന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. വികസനഫണ്ടിൽ നിന്നും പഠനവിനോദയാത്രയ്ക്ക് തുക ചെലവഴിക്കുന്നതിന് അനുമതിയില്ലാത്തതിനാലും പ്രോജക്ടിൽ പഠനയാത്ര ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും പദ്ധതി നിർദ്ദേശത്തിന് വിരുദ്ധമാണ് ടി ചെലവ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.07.2017 ലെ 1125/കെ/2015/കെ.എസ്.എച്ച്.ഒ നം. സർക്കുലറിന്റെ അടിസ്ഥാനത്തിൽ ബാലസഭയ്ക്കുവേണ്ടി തയ്യാറാക്കിയ പ്രവർത്തനങ്ങളും അവയുടെ നടത്തിപ്പും സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(ചെലവുരേഖകൾ പരിശോധിച്ചതിൽ വാഹനവാടക, ഭക്ഷണം, പ്രവേശനഫീസ് എന്നീയിനങ്ങളായി 21870 രൂപയ്ക്കുള്ള വൗച്ചറുകളാണ് ഹാജരാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി പിൻവലിച്ച 30000 രൂപയിൽ ചെലവു വൗച്ചറുകളേക്കാൾ അധികമായി പിൻവലിച്ച 8130 രൂപ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന്(നം.9) വികസനഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്.)

അപാകതകളിന്മേൽ ചെലവ് തുക 21870 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് സെന്റേജ് ചാർജ് ഈടാക്കുന്നു

വിവിധവാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട് 1802000 രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 12.5% സെന്റേജ്, 2.5% കണ്ടിജൻസീസ്, 5% ഫ്ലക്ചേഷൻസ് എന്നീ ഇനങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പിന്റെ 16.04.2018 ലെ സർക്കാർ ഉത്തരവ് നം.1068/18 ത.സ്വ.ഭ.വ. പ്രകാരം പി.ഡബ്ല്യൂ.ഡി മാന്വൽ കേരളാ വാട്ടർ അതോറിറ്റിയ്ക്ക് ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്നതല്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 71/18 |
| അടങ്കൽ | വികസനഫണ്ട് - 752000<br>ധനകാര്യകമ്മിഷൻ ഗ്രാന്റ്- 1050000 |
| ചെലവ് | 1802000 |
| ബില്ലുകളുടെ വിവരം | ബിൽ നം.27/ പ്രോജക്ട് നം.71/18 തീയതി.12.02.2018 തുക.2000<br>ബിൽ നം.22/ പ്രോജക്ട് നം.71/18 തീയതി.18.12.2017തുക.1004000<br>ബിൽ നം.15/ പ്രോജക്ട് നം.71/18 തീയതി.26.10.2017 തുക.562000<br>ബിൽ നം.18/ പ്രോജക്ട് നം.71/18 തീയതി.30.11.2017 തുക.188000<br>ബിൽ നം.19/ പ്രോജക്ട് നം.71/18 തീയതി.30.11.2017 തുക46000 |

| ക്രമ നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് | സെന്റേജ് ചാർജ്(രൂ.) 12.5% | കണ്ടിജൻസീസ്(രൂ.) | ഫ്ലക്ച്വേഷൻസ്/ അൺഫോർസീൻ (രൂ.) |
|---|---|---|---|---|---|
| 1 | തെള്ളിക്കുഴിച്ചിറ-കൊച്ചുപറമ്പ് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 85000 | 9284.79 | 1250.21 | 186.68 |
| 2 | കറ്റിനാട്ടുപടി-പറമ്പിൽ പടിറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 88000 | 9531.86 | 1446.47 | 766.83 |
| 3 | ഇമ്മാനുവേൽ മർത്തോമ്മാ ചർച്ച്-പുളിനത്തറമണ്ണിൽപ്പടി റോഡ് -പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 94000 | 10209.14 | 1435.08 | 682.71 |
| 4 | പൂവത്തൂർ- വാരാപ്പുഴ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 87000 | 9489.66 | 1310.61 | 782.45 |
| 5 | തോട്ടുവേലിൽപ്പടി-നെല്ലിക്കൽപ്പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 133000 | 14476.52 | 1921.43 | 789.94 |
| 6 | വെൺപാണറ്റുപടി-നെല്ലിക്കൽപ്പടി ജങ്ഷൻ റോഡ്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 85000 | 9287.78 | 1397.66 | 12.37 |
| 7 | മണ്ണിൽപ്പടി- ചേറുവള്ളി വേലൻപ്പടിറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 83000 | 9037.49 | 1347.6 | 315 |
| 8 | പള്ളത്തുവീട് കോളനി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 95000 | 10314.28 | 1420.61 | 750.92 |
| 9 | നെല്ലിമല ഗുരുമന്ദിരംപടി-ലോണ്ടിപ്പടി- | 87000 | 9444.36 | 1282.12 | 718.64 |

| | | | | | |
|---|---|---|---|---|---|
| | തെക്കേകുന്നത്തുകരറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | |
| 10 | നെല്ലിമല-മോളിക്കൽ നെല്ലിമല ഇ എ എൽ പി എസ് പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 88000 | 9496.91 | 1586.33 | 941.52 |
| 11 | ചെമ്പനാലിൽപ്പടി-അരണത്തുപടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 81000 | 8757.90 | 1291.68 | 887.22 |
| 12 | കൊച്ചുപാലമൂട്ടിൽപ്പടി-ശലേം ചർച്ച്പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 153000 | 15970.06 | 2740.66 | 5481.32+ റോഡ് റെസ്റ്റോറേഷൻ ചാർജ്ജ്-1000 |
| 13 | കമ്പനാട് പടിഞ്ഞാറേക്കവല- സി എസ് ഐ ചർച്ച്പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | 81000 | 8407.32 | 1448.39 | 2896.78 |
| 14 | കാഞ്ഞിരപ്പാറ- ആല്യംതറ സാംസ്കാരിക നിലയം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 147000 | 15632.25 | 2055.70 | 4111.40 |
| 15 | ഗുരുമന്ദിരം-ചുഴിക്കുന്ന് വള്ളിനാല റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 94000 | 9760.83 | 1719.09 | 3438.18 |
| 16 | ഭഗവതിക്കാവ് അമ്പലം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 71000 | 7431.44 | 1263.44 | 2526.88 |
| 17 | മുട്ടുമൺ ബോബ് ജങ്ഷൻ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 91000 | 9500.41 | 1584.31 | 3168.61 |
| 18 | മുതിരക്കാലായിൽപ്പടി-കൊച്ചുതാഴത്തേതിൽപ്പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 70000 | 7323.71 | 1241.89 | 2483.78 |
| 19 | താഴുമ്മൻ-ചെറുതിട്ടറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 89000 | 9365.92 | 1549.91 | 3099.82 |

12.5% സെന്റേജ് എന്ന രീതിയിൽ എസ്റ്റിമേറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുകയിൽ 10% കഴിച്ച് അധികമായി നൽകിയ 2.5% തുക കേരളാ വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിന്റെ 2017-18വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ (എം.എസ്) 72/17/ത.സ്വ.ഭ.വ- തീ 29/03/2017വ- 13(8))അനുവദനീയമല്ലാത്ത പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൊണ്ട് ലക്ഷ്യമിടുന്നത്. ചുവടെ പറയുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കേണ്ടത്.

1) ശുചിത്വം,കക്കൂസ് മാലിന്യപരിപാലനം

2) മലിന ജല നിർഗ്ഗമന സംവിധാനം, ഖരമാലിന്യ പരിപാലനം

3) ശ്മശാനങ്ങൾ സ്ഥാപിക്കൽ

4) കുടിവെള്ള വിതരണം

5) നടപ്പാതകളുടെ നിർമ്മാണം,തെരുവുവിളക്കുകൾ സ്ഥാപിക്കൽ

6) ഗ്രാമപഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹ്യ

ആസ്തികളുടെ സംരക്ഷണം, പരിപാലനം

7) റോഡുകളുടെ സംരക്ഷണം, പരിപാലനം

ഓരോ വർഷവും ഒരു അടിസ്ഥാന മേഖലയ്ക്ക് മുൻഗണന നൽകി അതിനുവേണ്ടി കൂടുതൽ തുക വകയിരുത്തി ആ മേഖലയിലെ ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ധനകാര്യകമ്മിഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നുവെങ്കിലും 2017-18 സാമ്പത്തികവർഷത്തിലും സർക്കാർ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഗ്രാമപ്പഞ്ചായത്ത് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ വിശദാംശം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ഭവനപുനരുദ്ധാരണം 229/18 | 430000 | 430000 |
| 2 | അംഗൻവാടികൾക്ക് പോഷകാഹാരം | 350000 | 335390 |
| 3 | സമഗ്രഔഷധസസ്യകൃഷി വികസനം | 11250 | 11250 |
| 4 | വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ | 4149462 | 4096153 |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യകമ്മിഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 പൊതു ടാപ്പുകളുടെ വെള്ളക്കരം പ്രതിവർഷം 2398500 രൂപ -പഞ്ചായത്തിന് വൻ ബാധ്യത

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. പഞ്ചായത്തിലെ 274തെരുവു ടാപ്പുകൾക്ക് പ്രതിവർഷം 5250 രൂപ എന്ന തോതിൽ മാസം തോറും 119875 രൂപ വെള്ളക്കരം ഒടുക്കി വരുന്നുണ്ട്. ഇവയിൽ പലതും പ്രവർത്തനരഹിതമാണ്. കുടിവെള്ള സ്രോതസ്സുകളിൽ നിന്നുമുള്ള ജലലഭ്യത കുറവുള്ളതിനാൽ ടാപ്പുകളിലൂടെയുള്ള ജലലഭ്യതയും കുറവുണ്ടാകാം. നിലവിലുള്ള ടാപ്പുകളുടെ എണ്ണം, ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം എന്നിവ വാട്ടർ അതോറിറ്റിയുമായുള്ള സംയുക്ത പരിശോധനയിലൂടെ മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ നാളിതുവരെ സംയുക്ത പരിശോധന നടന്നിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് തെരുവു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗത്തിനനുസൃതമായി മാത്രം വാട്ടർചാർജ്ജ് അടയ്ക്കുവാനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്. വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻതുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്നത് പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും സംയുക്ത പരിശോധന നടത്തു ന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-6 കുടിവെള്ള പദ്ധതി - ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നില്ല

വാട്ടർ ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പ്രാധാന്യം നൽകണമെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. നിലവിൽ 274 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 119875 രൂപയാണ് ഗ്രാമപ്പഞ്ചായത്ത് മാസം തോറും അടവാക്കി വരുന്നത്. 2017-18 കാലയളവിൽ 1802000രൂപ പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനു പകരം ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന സബ്സിഡി മാർഗ്ഗ രേഖ (സ ഉ എം എസ് 80/17 /ത സ്വ ഭ വ തീയതി 03-04-17) യിലെ നിർദ്ദേശം പാലിച്ചിട്ടില്ല. പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും നൽകുന്ന രീതിയിൽ പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്. വാട്ടർ അതോറിറ്റി യുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നോ ജലനിധിയിൽ നിന്നും കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതിയിൽ നിന്നോ ആണ് ഗാർഹിക കണക്ഷൻ നൽകേണ്ടത്. ഗാർഹിക കണക്ഷൻ നൽകുന്നതു മൂലം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ മാസം തോറും വൻതുക അടവാക്കുന്നത് ഒരളവു വരെ കുറയ്ക്കാൻ സാധിക്കും. ആയതിനാൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 തെരുവു വിളക്കുകൾക്ക് മീറ്റർ - പ്രവൃത്തി പൂർത്തിയായില്ല

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ആകെ തുകയുടെ 50% തുക അടവാക്കിയാൽ മതിയായിരുന്നു. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2011-12ൽ ഗ്രാമപ്പഞ്ചായത്ത് 192000 രൂപ കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ

നാളിതുവരെ മീറ്ററുകൾ പ്രവർത്തന സജ്ജമാക്കാൻ കെ.എസ്.ഇ.ബി.യ്ക്ക് സാധിച്ചിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി-യുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 31.12.2014-നുള്ളിൽ കെ.എസ്.ഇ.ബി. മീറ്റർ സ്ഥാപിക്കേണ്ടതായിരുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിലോ ഉഭയസമ്മത പ്രകാരം നീട്ടികൊടുത്ത കാലാവധിക്കുള്ളിലോ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ കാലതാമസം വരുത്തിയ ഒരോ മാസത്തേക്കും എസ്റ്റിമേറ്റ് തുകയുടെ 2% നിരക്കിൽ പിഴപ്പലിശ ഈടാക്കാൻ ഗ്രാമപഞ്ചായത്തിന് അർഹതയുണ്ടെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ മോണിട്ടറിംഗ് സമിതി രൂപീകരിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. തൽഫലമായി യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിന്റെ അടിസ്ഥാനത്തിലല്ലാതെ വിവിധ തരം തെരുവ് വിളക്കുകൾക്കുള്ള നിശ്ചിത പ്രതിമാസ താരിഫ് ഇനത്തിൽ വൻതുക ഗ്രാമപ്പഞ്ചായത്തിന് ഒടുക്കേണ്ടിവരുന്നു. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം ലക്ഷകണക്കിന് രൂപ പാഴ്ചെലവാകുന്നതിനാൽ ഗ്രാമപ്പഞ്ചായത്ത് കെ.എസ്.ഇ.ബി അധികൃതരുമായി ചർച്ച നടത്തി മീറ്ററിംഗ് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 നിലവിലില്ലാത്ത ബൾബുകൾക്ക് താരിഫ് നൽകുന്നു

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിവർഷം 1292400 രൂപയാണ് ഒടുക്കിവരുന്നത്. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിൽ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപ്പഞ്ചായത്ത് ഒടുക്കുന്ന തുകയിൽ 50ശതമാനത്തിൽ ഏറെയും ഓർഡിനറി ബൾബുകളുടെയും, മെർക്കുറി വേപ്പർ ലാമ്പിന്റെയും താരിഫ് ഇനത്തിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിളക്കുകളുടെ തരം | എണ്ണം | പ്രകാശിക്കുന്ന സമയം | തുക |
|---|---|---|---|---|
| 1 | L E D- 1X 18 | 50 | 12 Hr | 600 |
| 2 | സി.എഫ്.എൽ. ഓട്ടോമാറ്റിക്ക് ഓൺ/ഓഫ് സി.എഫ്.എൽ.- 1X15 | 13 | 12 Hr | 15216 |
| 3 | ഫ്ളൂറസെൻറ് ട്യൂബ് 1X40 | 24 | 12 Hr | 1464 |
| 4 | സി.എഫ്.എൽ. ഓട്ടോമാറ്റിക്ക് ഓൺ/ഓഫ് സി.എഫ്.എൽ.- 1X11 | 471 | 12 Hr | 3414 |
| 5 | ഓർഡിനറി ബൾബ്, 1X40 | 966 | 12 Hr | 58926 |
| 6 | ഫ്ളൂറസെൻറ് ട്യൂബ് 2X40 | 219 | 12 Hr | 27156 |
| 7 | മെർക്കുറി വേപ്പർ ലാമ്പ് | 7 | 12 Hr | 924 |

ഗ്രാമപഞ്ചായത്തിൽ നിലവിൽ ഓർഡിനറി ബൾബുകളും മെർക്കുറി വേപ്പർ ലാമ്പുകളും പ്രവർത്തിക്കുന്നില്ല. കഴിഞ്ഞ മൂന്ന് വർഷമായി സി.എഫ്.എൽ ട്യൂബുകളും, സി.എഫ്.എൽ ലാമ്പുകളും മാത്രമാണ് തെരുവുവിളക്ക് അറ്റകുറ്റപ്പണികൾക്കായി വാങ്ങിയിട്ടുള്ളത്. ആയതിനാൽ ഉപയോഗിക്കാത്ത വൈദ്യുതിയുടെ ചാർജാണ് പഞ്ചായത്ത് നിലവിൽ ഒടുക്കി വരുന്നത്. കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി 40 വാട്ട്സ് ബൾബുകളും, മെർക്കുറി വേപ്പർ ലാമ്പും ഫ്ലൂറസന്റ് ട്യൂബും ചാർജ് പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. അതോടൊപ്പം തന്നെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അടിയന്തിരമായി ഏറ്റെടുത്ത് നടപ്പാക്കേണ്ടതുമാണ്. നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്കാണ് പ്രതിമാസം 58926 രൂപ ഗ്രാമപ്പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ഓഡിറ്റ് കാലയളവിൽ (01.04.17 മുതൽ 31.03.18 വരെ) ഈ ഇനത്തിൽ 1292400 രൂപയാണ് ഗ്രാമപ്പഞ്ചായത്ത് പാഴാക്കിയത്. നിലവിൽ 219 ഫ്ലൂറസന്റ് ലാമ്പുകൾക്ക് പ്രതിമാസം 27156 രൂപയും 966 ഓർഡിനറി ബൾബുകൾക്ക് 58926രൂപയും 7മെർക്കുറി വേപ്പർ ലാമ്പുകൾക്ക് 924 രൂപയും ഉൾപ്പടെ 107700 രൂപയാണ് ഗ്രാമപ്പഞ്ചായത്ത് ചാർജ്ജ് ഒടുക്കുന്നത്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും (അവ സ്ഥാപിക്കപ്പെട്ടിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പടെ) എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ എണ്ണത്തിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. താരതമ്യേന ഊർജ്ജ ഉപഭോഗം കൂടിയതും പരിപാലനച്ചെലവ് ഏറിയതുമായ ഇത്തരം തെരുവുവിളക്കുകൾ പരമാവധി ഒഴിവാക്കി ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി./സി.എഫ്.എൽ വിളക്കുകൾ സ്ഥാപിക്കുകയാണെങ്കിൽ താരിഫ് ഇനത്തിൽ ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് ലാഭിക്കാവുന്നതാണ്.

ഗ്രാമപ്പഞ്ചായത്ത് ഫണ്ടിന് വലിയ ബാദ്ധ്യത സൃഷ്ടിക്കുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയിൽ പ്രകാശിക്കുന്ന തെരുവ് വിളക്കുകൾക്കുമാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും, വൈദ്യുതി ചാർജ്ജ് ന്യായയുക്തമാണെന്നും ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ചെലവ് നടത്തുന്ന ഉദ്യോഗസ്ഥനുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകത പരിഹരിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗണ്യമായ തുക പാഴ്ച്ചെലവ് ആകുന്ന സാഹചര്യത്തിൽ, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന നടപടി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഹ്രസ്വകാല നടപടി എന്ന നിലയിൽ ഒരു സംയുക്ത പരിശോധനയിലൂടെ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തിട്ടപ്പെടുത്തി തെരുവ് വിളക്കുളുടെ രജിസ്റ്റർ തയ്യാറാക്കുന്നതിനും, നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ്ജ്

ഒഴിവാക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ശ്മശാന നിർമ്മാണം -ദീർഘവീക്ഷണമില്ലാതെ പദ്ധതി തയ്യാറാക്കി

2016-17 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി (SO149/17 അടങ്കൽ 45ലക്ഷം) പൊതുശ്മശാനം നിർമ്മിക്കുന്നതിന് സംയുക്ത പദ്ധതി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാപ്പഞ്ചായത്തിൽ നിന്നും 4000000 രൂപ 4/17 ൽ ലഭിച്ചിരുന്നു. എന്നാൽ ശുചിത്വമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വാതക ശ്മശാനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കാതിരുന്നതിനാൽ പ്രോജക്ടിന് 2017-18 വർഷം സ്പിൽ ഓവറായി (SO186/18) ആയി നടപ്പാക്കുന്നതിന് അംഗീകാരം വാങ്ങിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല. കരാറുടമ്പടി വെച്ചതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികളെ സംബന്ധിച്ച എൻക്വയറിക്ക് (നം.3) മറുപടി നൽകിയത് പ്രവൃത്തി ആവിഷ്കരിക്കുന്ന സ്ഥലത്തേക്ക് വഴി സൗകര്യം ഇല്ലാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നാണ്. സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പാക്കാതെ പ്രോജക്ട് തയ്യാറാക്കിയതിനാൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും തുടങ്ങാനാവാത്ത സ്ഥിതിയിലാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിഗ് യൂണിറ്റ് പ്രവർത്തന ക്ഷമമായില്ല

മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-16 ആയി പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ത്രീ ഫേസ് കണക്ഷൻ ഇല്ലാത്തതിനാൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിഗ് മെഷീൻ സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന് പരാമർശിച്ചിരുന്നു. ഓഡിറ്റ് വർഷം ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി (SO134/17) വികസനഫണ്ടിൽ നിന്നും 76387 രൂപ വകയിരുത്തി ചെലവഴിച്ചിരുന്നു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടും യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. 2016-17 വർഷം ചെലവഴിച്ച 460000 ഉൾപ്പെടെ 536387 രൂപ നാളിതുവരെ ചെലവഴിച്ചിട്ടും ടി പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഷ്രെഡ്ഡിഗ് മെഷീൻ പ്രവർത്തന ക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 തുടർ സാക്ഷരത – തനത് ഫണ്ടിൽനിന്നുള്ള ചെലവ് ക്രമീകരിച്ചില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള പുല്ലാട്, കാഞ്ഞിരപ്പാറ തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക് മാർക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ഓണറേറിയം ഇനത്തിൽ നൽകിയ തുകയിൽ 2016-17 വരെയുള്ള കുടിശ്ശിക തുകയായ 200352 രൂപയും ഓഡിറ്റ് വർഷം നൽകിയ 24000 രൂപയും ഉൾപ്പെടെ 224352 രൂപ സാക്ഷരത മിഷനിൽ നിന്നും തനത് ഫണ്ടിലേക്ക് ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| | |
|---|---|
| തനത് ഫണ്ടിൽനിന്നും തൻവർഷം ഓണറേറിയം നൽകുന്നതിന് ചെലവഴിച്ച തുക | 24000 |
| ജില്ലാ മിഷനിൽനിന്നും തൻവർഷം ലഭിച്ച തുക | 0 |
| വർഷാന്ത്യത്തിൽ ലഭിക്കാൻ അവശേഷിക്കുന്ന തുക | 224352 |
| ഓഡിറ്റ് തീയതിയിൽ സാക്ഷരതാ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക | 0 |

സാക്ഷരത മിഷനിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന 224352 രൂപ തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 ബ്ലോക്ക് വിഹിതം പൂർണ്ണമായി ചെലവഴിച്ചില്ല

2017-18 സാമ്പത്തിക വർഷം സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 1502000രൂപയിൽ 1267683 രൂപയെ ചെലവഴിച്ചിട്ടുള്ളൂ. ബാക്കിയുള്ള 234317രൂപ ട്രഷറി സ്പെഷ്യൽ ടി.എസ്.പി ജോയിന്റ് വെന്ച്വർ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. ടി തുക 2018-19 ലെ വാർഷിക പദ്ധതിയിൽ വകയിരുത്തി ചെലവഴിക്കേണ്ടതാണ്.

## 3-13 ആസ്തികൾ സംരക്ഷിക്കുന്നതിനും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും നടപടിയില്ല

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനും ആസ്തി രജിസ്റ്റർ കൃത്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നില്ല. ഗ്രാമപ്പഞ്ചായത്ത് വാങ്ങിയതും ഇഷ്ടദാനമായി ലഭിച്ചതുമായ സ്ഥലങ്ങൾ പോക്കുവരവ് ചെയ്ത് കരം ഒടുക്കിയിട്ടില്ല. ആസ്തികൾ നിലനിൽക്കുന്ന വാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ റവന്യൂ അധികാരികളുമായി ചേർന്ന് അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്. കൂടാതെ ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതും ഗ്രാമപ്പഞ്ചായത്ത് വാങ്ങിയതും ഇഷ്ടദാനമായി ലഭിച്ചതുമായ വസ്തുക്കൾ പോക്കുവരവു ചെയ്യേണ്ടതുമാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലങ്ങൾ റവന്യൂ അധികാരികളുമായി ചേർന്ന് അളന്ന് തിട്ടപ്പെടുത്തുന്നതിനും അതിർത്തി/ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും നടപടികൾ

സ്വീകരിക്കുന്നില്ല. ഉദാഹരണമായി, പൊതുശ്മശാനം നിർമ്മിക്കുന്നതിന് സ്ഥിതി ചെയ്യുന്ന ഒരു ഹെക്ടർ വിസ്തൃതിയുള്ള സ്ഥലം (ആസ്തി രജിസ്റ്റർ പ്രകാരം) അളന്ന് തിട്ടപ്പെടുത്താതെ ഒന്നിനും ഉപയോഗിക്കാതെയും സംരക്ഷിക്കാതെയും ഉപേക്ഷിച്ച സ്ഥിതിയാണുള്ളത്.

## 3-14 ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക പൂർണ്ണമായി ചെലവഴിക്കുന്നില്ല-ലാപ്സായത് 9541523 രൂപ

2017-18 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായത് 41534794 രൂപയാണ്. എന്നാൽ ചെലവഴിച്ചത് 31993271രൂപയാണ്. ലഭ്യമായ തുകയുടെ 77%. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സർക്കാർ ഉത്തരവ് നം-199/2015/ഫിൻ തീയതി 21.03.2015 പ്രകാരം 2015-16 സാമ്പത്തിക വർഷം മുതൽ പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ 2015-16 വർഷം വരെ തുടർന്നുവന്ന സമ്പ്രദായം നിർത്തലാക്കുകയും ബജറ്റിൽ അംഗീകരിച്ച തുക മൂന്ന് തവണകളിലായി അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും നേരിട്ട് ചെലവ് വൗച്ചർ മുഖേന പിൻവലിക്കാനും നിർദ്ദേശിച്ചിരുന്നു. സർക്കാരിന്റെ സഞ്ചിതനിധിയിലുള്ള തുക ഉപയോഗിക്കാതെ അവശേഷിക്കുന്നത് വർഷാവസാനം ലാപ്സാകുന്നു. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | 2017-18 വർഷത്തെ ബജറ്റ് അലോക്കേഷൻ | ലഭിച്ച തുക | 2017-18 വർഷത്തെ ചെലവ് | അവശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 13555000 | 13705000 | 12316579 | 1388421 | 90 |
| വികസന ഫണ്ട്-എസ്.സി.പി | 8294000 | 8288935 | 3854314 | 4434621 | 46 |
| വികസന ഫണ്ട്- റ്റി.എസ്.പി | 264000 | 263893 | 261113 | 2780 | 99 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7524000 | 7619966 | 7424316 | 195650 | 97 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 8253000 | 8253000 | 4747096 | 3505904 | 56 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 3404000 | 3404000 | 3389853 | 14147 | 76 |
| ആകെ | | 41534794 | 31993271 | 9541523 | |

2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ലഭിക്കുമായിരുന്ന 9541523രൂപയാണ് ലാപ്സായത്. പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുമായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ഫണ്ടിന്റെ അഭാവം മൂലം പ്രോജക്ട്

## ലക്ഷ്യം കൈവരിച്ചില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 400000/- രൂപ വകയിരുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ട് (S0039/18) നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 6 ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ ക്ഷീരകർഷകർ, സംഘത്തിൽ നൽകിയ പാലിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിന് പകരം ക്ഷീരസംഘത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയും പിന്നീട് സംഘത്തിന്റെ അക്കൗണ്ടിൽ നിന്നും കർഷകരുടെ അക്കൗണ്ടിലേയ്ക്ക് മാറ്റുകയും ചെയ്തിരിക്കുകയാണ്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.80/17/ ത.സ്വ.ഭ.വ തീ. 03/04/17നമ്പർ ഉത്തരവ് അനുസരിച്ച് ഒരു കർഷകന് ഒരു വർഷം പരമാവധി 30000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വിഹിതം നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിനോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കോ സാധിച്ചില്ല. തുകയുടെ അപര്യാപ്തത മൂലം ഒരു ഗുണഭോക്താവിന് പരമാവധി 10000 രൂപയിൽ താഴെ മാത്രമേ സബ്സിഡി നൽകാൻ സാധിച്ചുള്ളൂ എന്നതിനാൽ തന്നെ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല. 2012-ലെ ലൈവ് സ്റ്റോക്ക് സെൻസസ്സ് പ്രകാരം കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ 900 കുടുംബങ്ങളാണ്. ഗ്രാമപഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ എന്നതിനാൽ തന്നെ ആവശ്യകതക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാൻ വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു

ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന മൃഗസംരക്ഷണ മേഖലയിൽ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ആട് വളർത്തൽ പദ്ധതി, കിടാരി വളർത്തൽ പദ്ധതി, മുട്ടക്കോഴി വിതരണം തുടങ്ങിയ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ കുറവായതു കാരണം അടങ്കലിന്റെ 43% തുക മാത്രമേ ചെലവഴിക്കാനായുള്ളൂ. പ്രസ്തുത പ്രോജക്ടുകൾക്കായി 1415750 രൂപ വകയിരുത്തിയതിൽ 609000രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | ആട് വളർത്തൽ പദ്ധതി (4/18) | വികസന ഫണ്ട് -170000<br>ഗുണ.വിഹിതം -168000 | വികസന ഫണ്ട് - 42000<br>ഗുണ.വിഹിതം - 42000 |
| 2. | കിടാരി വളർത്തൽ പദ്ധതി (5/18) | വികസനഫണ്ട് - 113750<br>ഗുണ.വിഹിതം -114000 | വികസന ഫണ്ട് -18000<br>ഗുണ.വിഹിതം - 18000 |
| 3. | മുട്ടക്കോഴി വിതരണം (7/18) | വികസന ഫണ്ട് -425000<br>ഗുണ.വിഹിതം- 425000 | വികസന ഫണ്ട് -244500<br>ഗുണ.വിഹിതം - 244500 |
| ആകെ | | 1415750 | 609000 |

ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ടി പ്രോജക്ടുകൾക്ക് ആവശ്യമായ ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കി ആനുകൂല്യം കൈപ്പറ്റുന്നതിന് മതിയായ എണ്ണം ഗുണഭോക്താക്കൾ ഇല്ലാതിരുന്നതാണ് ചെലവ് കുറയാനിടയായത്. പ്രോജക്ടുകളിൽ ചെലവഴിക്കാനവശേഷിച്ച തുക നഷ്ടപ്പെടുകയും ചെയ്തു. ഗ്രാമപ്പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ നഷ്ടമായത്. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാമാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല

2017-18വാർഷിക പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 4000000 വകയിരുത്തി എം.ഒ. (പി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതിയാണ് പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ. (പ്രോജക്റ്റ് നം.S094/18). പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് അടൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ25.11.2017 ലെ പ്രൊഫോർമ ഇൻവോയിസ് നം PRF 312 പ്രകാരം 400000രൂപ 11.01.18 ൽ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നംപർ 3624001800000019ൽ തിരുവനന്തപുരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എംഡിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-18 പാലിയേറ്റീവ് കെയർ പദ്ധതി- ശരിയായി മോണിട്ടറിംഗ് നടത്തുന്നില്ല

കേരളത്തിലെ പ്രാഥമിക പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ അടിസ്ഥാന നയം വീടുകൾ കേന്ദ്രീകരിച്ചുള്ള പരിചരണമാണ്. ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംകെയർ സംവിധാനം നടപ്പാക്കി വരുന്നത്. മരുന്ന്, നേഴ്സിംഗ് പരിചരണം മുതലായവ ലഭ്യമാക്കുന്നതിനോടൊപ്പം അവർക്ക് സാന്ത്വനപരിചരണം കൂടി നൽകി അവരെ മാനസികമായി ശക്തിപ്പെടുത്തുക എന്നത് കൂടി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖ സൂചന ജി.ഒ.(എം.എസ്) 228/12/ത.സ്വ.ഭ.വ തീയതി 23.08.2012, ജി.ഒ.(ആർ.ടി)-3217/15/ത.സ്വ.ഭ.വ.തീയതി 29.10.15എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിൽ 456 പേർക്ക് പരിചരണം നൽകിവരുന്നു. ഇതിൽ 130 പേർക്ക് ഹോം കെയർ പരിചരണത്തിനായി രണ്ട് ടീം ഇപ്പോൾ നിലവിലുണ്ട്. ഇവർ മാസം 16 എണ്ണം വീതം ഹോംകെയർ നടത്തിവരുന്നുണ്ട്. എന്നാൽ പദ്ധതിനടത്തിപ്പിലും മോണിറ്ററിംഗിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1.മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

2017-18 ൽ പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടിയുള്ള മരുന്നുകൾ വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് അടൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 09.12.2017 ലെ പ്രൊഫോർമ ഇൻവോയിസ് നം PRF 2768പ്രകാരം 500000രൂപ(പ്രോജക്റ്റ് നം.SO 94/18) 14.02.18 ലെ ട്രഷറി ചെക്ക് നം 3306463 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിഗ് ഡയറക്ടർക്ക് 500000 രൂപ 14.02.18 ൽ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നംപർ 3624001800000019ലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട പാലിയേറ്റീവ് കെയർ പോലെയുള്ള പദ്ധതിക്കുവേണ്ടി യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

(2). പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

2017-18വാർഷിക പദ്ധതിയിൽ ബ്ളോക്ക് വിഹിതത്തിൽ നിന്നും 200000 രൂപ വകയിരുത്തി എം.ഒ.(പി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതിയാണ് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ.(പ്രോജക്റ്റ് നം.SO 94/18). പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിന് അടൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ

31-01.2018 ലെ പ്രൊഫോർമ ഇൻവോയിസ് നം PRF 3891പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിഗ് ഡയറക്ടർക്ക് 24.02.18 ലെ ട്രഷറി ചെക്ക് നം 3306464 പ്രകാരം 27.02.18 ൽ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നംപർ 3624001800000019ലേക്ക് 200000 രൂപ നൽകിയിരുന്നെങ്കിലും ഉപകരണങ്ങൾ ഒന്നുംതന്നെ നാളിതുവരെ ലഭിച്ചിട്ടില്ല. ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു. ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും, സുഗമമായും മുന്നോട്ടു കൊണ്ടു പോകുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർപേഴ്സണായും നിർവ്വഹണോദ്യോഗസ്ഥനായ അലോപ്പതി മെഡിക്കൽ ഓഫീസർ കൺവീനറുമായി ആരോഗ്യം, ക്ഷേമകാര്യം എന്നീ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി, ആയുർവ്വേദം, ഹോമിയോ മെഡിക്കൽ ഓഫീസർമാർ, പാലിയെറ്റീവ് കെയർ നേഴ്സ്, സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവർ ഉൾപ്പെടെ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖ ഖണ്ഡിക 2.4 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ഈ കമ്മിറ്റി ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണെന്നും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ കൺവീനർ അവതരിപ്പിക്കേണ്ടതാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത്തരമൊരു കമ്മിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

(4)പ്രോജക്ടുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട താഴെപ്പറയുന്ന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

1. പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ട്
2. ഹോംകെയർ പ്ലാനിംഗ് രജിസ്റ്റർ
3. റവ്യൂ രജിസ്റ്റർ
4. ഈവന്റ്സ് ഡയറി
5. വരവ്, ചെലവ് കണക്കു പുസ്തകം

6. ഫിസിയോ തെറാപ്പിസ്റ്റിന്റെ റിപ്പോർട്ട്

7. തദ്ദേശ സ്വയംഭരണ സ്ഥാപനതല അവലോകന യോഗ ഹാജർ

8. റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്ക്

PMC, PIC എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി പ്രോജക്റ്റ് മോണിട്ടറിംഗ് ശക്തമാക്കേണ്ടതും, ആവശ്യമായ രേഖകളും രജിസ്റ്ററുകളും പരിപാലിക്കേണ്ടതുമാണ്.

## 3-19 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011-തീയതിയിലെ 31055/DC2/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 27 അങ്കണവാടികളും ഫിറ്റ്നെസ്സ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നിരിക്കെ ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-20 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 27 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 16 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 21 |
| ചുറ്റുമതിൽ ഉള്ളവ | 19 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 22 |
| കുടിവെള്ളം ലഭ്യമായവ | 26 |

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ്. [സ.ഉ(എം.എസ്) നമ്പർ 72/2017 ത.സ്വ.ഭ.വ, തീയതി.29.03.2017-അനുബന്ധം-1, ഖ-12.13.2]. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും രണ്ടെണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (S0044/18) 600000 രൂപ വകയിരുത്തി 595000 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 14വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 24വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 25500 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 6000 രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം

6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി സ്കോളർഷിപ്പ് നൽകിയത് അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി കൂടുതൽ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

# 3-22 ആശ്രയപദ്ധതി

(1)പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല

സമൂഹത്തിലെ നിരാലംബരും, നിരാശ്രയരുമായ കുടുബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) 71/2003/ പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. ഗ്രാമപ്പഞ്ചായത്തിൽ രണ്ട് ആശ്രയ പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്. ഒന്നാം ഘട്ട പദ്ധതി 2005ലാണ് ആരംഭിച്ചത്. ഈ പദ്ധതി 2010-11 വർഷം പുതുക്കിയിട്ടുണ്ട്. നിലവിൽ 106 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിലുള്ളത്. പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ആവശ്യമുള്ളത്(പദ്ധതി ആരംഭിച്ചപ്പോൾ) | ലഭ്യമാക്കിയത് |
|---|---|---|---|
| 1 | വീട് | 36 | 18 |
| 2 | വീട് മെയ്ന്റനൻസ് | 28 | 0 |
| 3 | ഭക്ഷണം | 106 | 106 |
| 4 | കുടിവെള്ളം | 30 | 2 |
| 5 | കക്കൂസ് | 5 | 1 |
| 6 | വിദ്യാഭ്യാസം | 20 | 11 |

ഒന്നാം ഘട്ട പദ്ധതിക്കു വേണ്ടി വകയിരുത്തിയ തുകയിൽ അവശേഷിക്കുന്ന തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | അവശേഷിക്കുന്ന തുക |
|---|---|---|
| 1 | പ്ലാൻ ഫണ്ട് | 563595 |
| 2 | ചലഞ്ച് ഫണ്ട് | 245820 |

വികസന ഫണ്ടിൽ 563595 രൂപ ബാക്കി നിൽക്കേ ഇനിയും ഭവന, ഭവന പുനരുദ്ധാരണത്തിനായി സഹായം ലഭിക്കാത്തവരുണ്ട്. രണ്ടാം ഘട്ട പദ്ധതി ആരംഭിച്ചതിന് 2015 വർഷമാണ്. പദ്ധതിക്ക് നിലവിൽ 106 ഗുണഭോക്താക്കളാണുള്ളത്. പദ്ധതിക്കു വേണ്ടി വകയിരുത്തിയ ഫണ്ടിന്റെയും ചെലവഴിച്ച ഫണ്ടിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ചതുക | അവശേഷിക്കുന്ന തുക മുന്നിരിപ്പ് ഉൾപ്പെടെ |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് | 2915000 | 40000 | 208000 | 371595 |
| 2 | ചലഞ്ച് ഫണ്ട് | 1485609 | 990406 | 627000 | 609226 |

ആശ്രയപദ്ധതിക്ക വേണ്ടി വകയിരുത്തിയ പദ്ധതിവിഹിതം മുഴുവനായും നൽകുന്നില്ല. പദ്ധതിയുടെ നടത്തിപ്പിനായി ആദ്യ രണ്ട് വർഷങ്ങളിലേക്ക് 1515300/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 1501245 രൂപ മാത്രമേ പദ്ധതി നടത്തിപ്പിനായി ലഭ്യമാക്കിയിട്ടുള്ളൂ. 2005-06 മുതൽ 2009-10വരെ വർഷങ്ങളിൽ 17 പേർക്കും 2016-17 വർഷം ഒരാൾക്കുമായി 18 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. ഇനിയും വാസയോഗ്യമായ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കൾ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ ഇതു പരിഗണിക്കാതെ പൊതുവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും നിരവധി പേർക്ക് ആശ്രയപദ്ധതിയില്ലാതെ ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ആശ്രയ ഗുണഭോക്താക്കളെ വേണ്ടരീതിയിൽ പരിഗണിക്കാത്തത് ശരിയായ നടപടിയല്ല.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. ഗ്രാമപഞ്ചായത്തിലെ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. 2017-18 വർഷം സമിതി യോഗം ചേർന്നിട്ടില്ല. സമിതി കൃത്യമായി യോഗം ചേരുകയും പദ്ധതി പ്രവർത്തനം വിലയിരുത്തുകയും മതിയായ ഫണ്ട് ലഭ്യമാക്കി ആശ്രയ ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

(2)ആശ്രയ - രണ്ടാംഘട്ടം

രണ്ടാം ഘട്ട ആശ്രയ പദ്ധതിയുടെ ഭാഗമായി 81 ഗുണഭോക്താക്കളെ കണ്ടെത്തുകയും അവർക്കാവശ്യമായ പരിചരണ സേവന പാക്കേജ് നടപ്പിലാക്കുന്നതിനായി 2013-16 കാലയളവിലേയ്ക്കായി 4400609 രൂപയുടെ ഒരു കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തു. ഈ കാലയളവിൽ ലഭിച്ച ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്രോതസ്സ് | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | ആകെ |
|---|---|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് | 0 | 100000 | 100000 | 100000 | 100000 | 400000 |
| 2 | ചലഞ്ച് ഫണ്ട് | 0 | 0 | 495203 | 0 | 495203 | 990406 |
| | ആകെ | 0 | 100000 | 595203 | 100000 | 595203 | 1390406 |

ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസ സഹായം, വസ്ത്ര വാങ്ങൽ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, കുടിവെള്ളം, തൊഴിൽ പരിശീലനം, പുനരധിവാസം തുടങ്ങിയ പരിചരണ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും പദ്ധതിയുടെ അവസാന വർഷമായ 2016-17-ലും ഭക്ഷണ വിതരണവും ഒരാൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുകയും ഒഴികെ മറ്റ് സേവനങ്ങൾ ഒന്നുംതന്നെ ഗുണഭോക്താക്കൾക്ക് പ്രദാനം ചെയ്യുന്നതിന് പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള സി.ഡി.എസി-ന് കഴിഞ്ഞിട്ടില്ല. 4400609 രൂപയുടെ കർമ്മ പദ്ധതിയാണ് തയ്യാറാക്കിയതെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതമായി 400000രൂപയും ചലഞ്ച് ഫണ്ടിനത്തിൽ 990406 രൂപയും മാത്രമാണ് സി.ഡി.എസ്സ് ന് ലഭിച്ചത്. ഈ തുകയിൽനിന്നും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി 1682381 രൂപ ചെലവഴിച്ചിട്ടുണ്ട്. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം.

രണ്ടാം ഘട്ട പദ്ധതിയുടെ വിവിധ ഇനങ്ങൾക്ക് 2915000 രൂപയാണ് ഗ്രാമപഞ്ചായത്ത് വിഹിതം ആയി വകയിരുത്തിയിരുന്നത്. ഇതിൽ 400000 രൂപ സി.ഡി.എസ്സ് ന് കൈമാറിയെങ്കിലും 208000 രൂപ മാത്രമാണ് വിനിയോഗിക്കാനായത്. വകയിരുത്തിയ തുകയിൽ 2515000 രൂപ ഗ്രാമപഞ്ചായത്ത് ഇതേവരെ നൽകാത്തത് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ബാക്കിയുള്ള വിഹിതം കൂടി നൽകി പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിയേറ്റീവ് പരിചരണം | 200000 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (16/2018) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 125000 | പാറയിൽപ്പടി-കണ്ണമൂട്ടിൽ മേമുറിഭാഗം റോഡു കോൺക്രീറ്റിംഗ് | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | കളങ്ങരേത്ത് നടപ്പാത കോൺക്രീറ്റിംഗ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | കൊച്ചു പ്ലാമൂട്ടിൽപടി- ശാലേപ്പള്ളി കോൺക്രീറ്റിംഗ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ഇളപ്പൂങ്കൽ - കാവുംപടി റോഡ് റീ ടാറിംഗ് | 0 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | വട്ടാവേലിപ്പടി - കുന്നംപാറ റോഡ് സംരക്ഷണഭിത്തി കോൺക്രീറ്റിംഗ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 594000 | മണക്കളം റോഡ് പുനരുദ്ധാരണം | 0 | 594000 |
| ജില്ലാ പഞ്ചായത്ത് | 4000000 | ക്രിമറ്റോറിയം നിർമ്മാണം | 0 | 4000000 |
| ജില്ലാ പഞ്ചായത്ത് | 200000 | നമ്പർ അങ്കണവാടി മെയിന്റനൻസ് | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 500000 | പാലിയേറ്റീവ് പരിചരണം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (16/2018) | 950000 | 5000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം / തീയതി | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | തെള്ളിക്കുഴിച്ചിറ-കൊച്ചുപറമ്പ് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | സീരീയൽ നം 27<br>പ്രൊജക്ട് നം 71<br>തീയതി 12-02-18<br>തുക2000<br>സീരീയൽ നം 22<br>പ്രൊജക്ട് നം 71<br>തീയതി 18-12-17<br>തുക1004000<br>സീരീയൽ നം 19<br>പ്രൊജക്ട് നം 71<br>തീയതി 30-11-17<br>തുക46000<br>സീരീയൽ നം18<br>പ്രൊജക്ട് നം 71<br>തീയതി 30-11-17<br>തുക188000<br>സീരീയൽ നം 15<br>പ്രൊജക്ട് നം 71<br>തീയതി 26-10-17<br>തുക562000 | 85000 | 85000 | പൂർത്തിയാക്കിയില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 2 | കേരള വാട്ടർ അതോറിറ്റി | കുറ്റിനാട്ടുപടി-പറമ്പിൽ പടിറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | „ | 88000 | 88000 | " |
| 3 | കേരള വാട്ടർ അതോറിറ്റി | ഇമ്മാനുവേൽ മർത്തോമ്മാ ചർച്ച്- പുളിനത്തറമണ്ണിൽപ്പടി റോഡ് -പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | „ | 94000 | 94000 | „ |
| 4 | കേരള വാട്ടർ അതോറിറ്റി | പൂവത്തൂർ- വാരാപ്പുഴ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | „ | 87000 | 87000 | „ |
| 5 | കേരള വാട്ടർ അതോറിറ്റി | തോട്ടുവേലിൽപ്പടി-നെല്ലിക്കൽപ്പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | „ | 133000 | 133000 | „ |
| 6 | കേരള വാട്ടർ അതോറിറ്റി | വെൺപാണറ്റുപടി-നെല്ലിക്കൽപ്പടി ജങ്ഷൻ റോഡ്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | „ | 85000 | 85000 | „ |

| | | | | | | |
|---|---|---|---|---|---|---|
| 7 | കേരള വാട്ടർ അതോറിറ്റി | മണ്ണിൽപ്പടി- ചേറുവള്ളി വേലൻപ്പടിറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 83000 | 83000 | ,, |
| 8 | കേരള വാട്ടർ അതോറിറ്റി | പള്ളത്തുവീട് കോളനി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 95000 | 95000 | ,, |
| 9 | കേരള വാട്ടർ അതോറിറ്റി | നെല്ലിമല ഗുരുമന്ദിരംപടി-ലോണ്ടിപ്പടി-തെക്കേകുന്നത്തുകരറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 87000 | 87000 | ,, |
| 10 | കേരള വാട്ടർ അതോറിറ്റി | നെല്ലിമല-മോളിക്കൽ നെല്ലിമല ഇ എ എൽ പി എസ് പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 88000 | 88000 | ,, |
| 11 | കേരള വാട്ടർ അതോറിറ്റി | ചെമ്പനാലിൽപ്പടി-അരണത്തുപടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 81000 | 81000 | ,, |
| 12 | കേരള വാട്ടർ അതോറിറ്റി | കൊച്ചുപാലമൂട്ടിൽപ്പടി-ശലേം ചർച്ച്പ്പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 153000 | 153000 | ,, |
| 13 | കേരള വാട്ടർ അതോറിറ്റി | കുമ്പനാട് പടിഞ്ഞാറേക്കവല- സി എസ് ഐ ചർച്ച്പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 81000 | 81000 | ,, |
| 14 | കേരള വാട്ടർ അതോറിറ്റി | കാഞ്ഞിരപ്പാറ- ആലുംതറ സാംസ്കാരിക നിലയം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 147000 | 147000 | ,, |
| 15 | കേരള വാട്ടർ അതോറിറ്റി | ഗുരുമന്ദിരം-ചുഴിക്കുന്ന് വള്ളിനാല റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 94000 | 94000 | ,, |
| 16 | കേരള വാട്ടർ അതോറിറ്റി | ഭഗവതിക്കാവ് അമ്പലം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 71000 | 71000 | ,, |

| | | | | | | |
|---|---|---|---|---|---|---|
| 17 | കേരള വാട്ടർ അതോറിറ്റി | മുട്ടമൺ ബോബ് ജങ്ഷൻ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 91000 | 91000 | ,, |
| 18 | കേരള വാട്ടർ അതോറിറ്റി | മൂതിരക്കാലായിൽപ്പടി- കൊച്ചുതാഴത്തേതിൽപ്പടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 70000 | 70000 | ,, |
| 19 | കേരള വാട്ടർ അതോറിറ്റി | താഴമ്മൻ-ചെറുതിട്ടറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 71/2018 | ,, | 89000 | 89000 | ,, |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ സംബന്ധിച്ച വിവരം

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇല്ല | | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | വർഷാരംഭത്തിലുണ്ടായിരുന്നനിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | പലിശ | ആകെ | തന്നാണ്ടിൽ പൻവലിച്ച തുക | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം |
|---|---|---|---|---|---|---|
| കേരള ഗ്രാമീൺ ബാങ്ക് | 1332717 | - | 109859 | 1442576 | - | 1442576 |
| കേരള ഗ്രാമീൺ ബാങ്ക് | 2489022 | - | 197260 | 2686282 | - | 2686282 |
| പത്തനംതിട്ടജില്ലാ | 348709 | - | 28768 | 377477 | - | 377477 |

| | | | | | | |
|---|---|---|---|---|---|---|
| സഹകരണ ബാങ്ക്, പുല്ലാട് | | | | | | |
| പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, പുല്ലാട് | 2456822 | - | 202688 | 2659510 | - | 2659510 |
| ആകെ | 6627270 | - | 538576 | 7165845 | - | 7165845 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2-5 | 2016-17 | തൊഴിൽനികുതി | |
| 2014-15 | 2-1 | 2016-17 | വസ്തുനികുതി | |
| 2014-15 | 2-2 | 2016-17 | വസ്തുനികുതി | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടി സ്വീകരിച്ചതിന്റെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക | രസീത് നം& തീയതി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പടെ) | 84692356 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64241401 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21870 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| |
|---|
| ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 21870 | ശ്രീമതി.ശാന്തകുമാരി.ജി,അസിസ്റ്റന്റ് സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശാന്തകുമാരി.ജി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | ചേന്നമംഗലത്ത് ഇല്ലം,<br>ആറ്റുവ,ഐരാണിക്കുടി.പി.ഒ<br>മാവേലിക്കര |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി3-273/08, തീയതി 31-10-08/06-11-09 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3-68/99, തീയതി 09-02-99/06-03-99 |
| 1997-98(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി5/274/08, തീയതി 24-12-08/06-11-09 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3/568/99, തീയതി 29-04-00/12-05-00 |
| 1998-99(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി7/09-10, തീയതി 12-07-10/29-07-2011 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3/826/02, തീയതി 09-06-05/17-06-05 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി3/156/04, തീയതി 18-05-04/27-07-04 |

| | |
|---|---|
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3696/05, തീയതി 08-02-06/31-03-06 |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ/പി7/49/10, തീയതി 12-07-10 |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി7/50/10, തീയതി 04-10-10/29-07-11 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി5/702/06, തീയതി 17-03-07/15-12-07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി7207/09, തീയതി 27-02-10/22-10-11 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി7/208/09, തീയതി 15-02-09/28-10-11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7/209/10, തീയതി 27-02-09/28-10-11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5/1097/11, തീയതി.30.12.2011/01.04.2014 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി5/1098/1i, തീയതി 30-12-11 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി5/1099/11, തീയതി 02-01-12 |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി5/100/11, തീയതി 30-12-12/03-04-14 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ/പി8/801/11, തീയതി 11-02-14/08-08-14 |
| 2012-13 | എൽ.എഫ്.പി.റ്റി.എ/പി8/276/15, തീയതി 07-08-15 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ/പി8/115/16, തീയതി 06-02-16 |
| 2015-16 | എൽ.എഫ്.പി.റ്റി.എ/പി8/31/17, തീയതി 31-01-17 |
| 2016-17 | എൽ.എഫ്.പി.റ്റി.എ/പി8/1039/17, തീയതി 11-09-17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി എ പി3/1577/2018 തീയ്യതി:05.01.2019

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

No.K.S.A.PTA.P3/1577 /2018 Dated: 05.01.2019

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Koipuram Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Koipuram Grama Panchayat for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

HABEEB MUHAMMED

Deputy Director (H.G)

Kerala State Audit Department

Pathanamthitta